LIBRARY ARCHIVES Kerala Legislative Assembly

## ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളുടെയും പുനഃസംഘടന

282 (302) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റികളും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ?

ഉത്തരം

സ്വീകരിച്ചിട്ടുണ്ട്. ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റികളിലെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളുടെയും അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ശ്രീ. ജസ്റ്റിസ് ദിനേശൻ കെ.കെ. അദ്ധ്യക്ഷനായി സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ രണ്ട് യോഗങ്ങൾ ഇതിനകം നടന്നുകഴിഞ്ഞു. കൂടാതെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളിലെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളിലെയും അംഗങ്ങളുടെ യോഗ്യതയും മറ്റും നിശ്ചയിച്ചുകൊണ്ടുള്ള ചട്ടം തയ്യാറാക്കി വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. അതിൻപ്രകാരം ജുവനൈൽ ജസ്റ്റിസ് ബോർഡുകളിൽ പുതിയ സോഷ്യൽ വർക്കർ മെമ്പർമാരെയും ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ പുതിയ ചെയർപേഴ്സൺമാരെയും മെമ്പർമാരെയും ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ

283 (303) ശ്രീ. കെ. ദാസൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ ;

(ബി) പ്രസ്തുത ബോർഡിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന എഫ്.സി.സി.-യുടെ (Family Councelling Centre) പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സാമൂഹ്യക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. ഗാർഹിക അതിക്രമങ്ങളിൽനിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമം, 2005 ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 41 ഫാമിലി കൗൺസിലിംഗ് സെന്ററുകളെ സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളായി അംഗീകരിച്ചിട്ടുണ്ട്. ടി 41 കൗൺസിലിംഗ് സെന്ററുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്.

(ഡി) സാമൂഹ്യക്ഷേമ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെയും ഷെൽട്ടർ ഹോമുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഗാർഹിക പീഡനത്തിൽനിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമത്തെ ആസ്പദമാക്കി ഒരു സംസ്ഥാനതല സെമിനാർ സംഘടിപ്പിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ ഗാർഹിക പീഡന കേസ്സുകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നതിനായി ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുമായി സഹകരിച്ച് ജില്ലാതല അദാലത്തുകൾ സംഘടിപ്പിക്കുന്നതിനും സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി പ്രസ്തുത സെന്ററുകളിൽ പരിശോധന നടത്തി പ്രവർത്തനരഹിതമായ സെന്ററുകളുടെ വിശദാംശങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാനും സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ കുറവായ മലപ്പുറം, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ പുതിയ സെന്ററുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാനും സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെയും ഷെൽട്ടർ ഹോമുകളുടെയും സംഘടനാ ഭാരവാഹികൾക്കും ലീഗൽ കൗൺസിലർമാർക്കും ഷെൽട്ടർ ഹോം സ്റ്റാഫിനും പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാനും ഉദ്ദേശിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്